Reg. No..............................

Name..................................

(5 Pages)

**K 6046**

# FOURTH SEMESTER B.A. DEGREE EXAMINATION, APRIL/MAY 2005

(Restructured Course)

Branch – Malayalam with Mass Communication

Core Subject – Malayalam Language and Literature

Auxiliary Subject – TRANSLATION

Paper IV – **വിവർത്തനം – മലയാളം – ഇംഗ്ലീഷ്**

Time : Three Hours | Maximum : 80 marks

വിവർത്തനങ്ങളെല്ലാം ഇംഗ്ലീഷിലേക്കായിരിക്കണം.

I. ഏതെങ്കിലും **പത്തെണ്ണം** വിവർത്തനം ചെയ്യുക :

1. മതേതരത്വം
2. ഉദരവൽക്കരണം.
3. സംഘാടകൻ
4. ജ്യോതിശാസ്ത്രം.
5. ഏകീകൃതം
6. ജനാധിപത്യം.
7. ആശ്വസിപ്പിക്കുക
8. ഗതാഗത വകുപ്പ്.
9. മനഃശാസ്ത്രം.
10. നാസ്തികൻ.
11. നാമനിർദ്ദേശം
12. പ്രകൃതിക്ഷോഭം.

(10 × 1 = 10 marks)

II. അനുഗതവിവർത്തനം നടത്തുക. ഏതെങ്കിലും **അഞ്ചെണ്ണം** :

1. പ്രകൃതി നിയമമനുസരിച്ചുള്ള പരിണാമം എല്ലാക്കാലത്തുമുണ്ടാകും. അതുപോലെ സാഹിത്യത്തിനും ഓരോ കാലത്തും മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. അതുകൊണ്ട് യുഗപുരുഷൻ, യുഗനിർമ്മാതാവ് എന്നൊക്കെ വ്യക്തികളെ വിശേഷിപ്പിക്കുന്നതിൽ അർത്ഥമില്ല.

2. 'രസകരമാകിയ കഥകൾ പറയണ-
   മതിനാണെല്ലോ മാനുഷ ജന്മം
   കഥകേൾപ്പോരുടെ കാതിൻനീളം
   കവിയുടെ നാവിനുമുണ്ടെന്നാകിൽ
   മുഷിവറിയില്ല, കേൾക്കുന്നവരും
   പറയുന്നവരുമൊരേ ചരടാകും'

3. മകനെ അഞ്ചു വയസ്സു വരെ രാജകുമാരനെപ്പോലെയും പത്തു വയസ്സു വരെ അടിമയെപ്പോലെയും പതിനാറു വയസ്സു മുതൽ സുഹൃത്തിനെപ്പോലെയും കരുതണമെന്നാണ് ഭാരതീയ സങ്കല്പം. പക്ഷേ, ഇതൊരു കുടുംബത്തിലും കാണാറില്ല. മിക്ക കുടുംബങ്ങളിലും അച്ഛൻ ഏകാധിപതിയാണ്.

Turn over

4. എന്റെ മനസ്സിലും ഒരു കാട്ടു താറാവുണ്ട്. ശൈത്യം ബാധിച്ച് അതിന്റെ ഉത്സാഹം ക്രമേണ നഷ്ടമായി. വീട്ടിലെ വിശേഷങ്ങൾ അറിയാൻ കഴിയുന്നില്ല. സൗന്ദര്യഭൂമിയിൽ മനസ്സർപ്പിക്കാൻ കഴിയാതെ കൂട്ടിലേയ്ക്ക് പറക്കാൻ ചിറകു വിരിച്ചു.

5. നിങ്ങളുടെ തിരുനാളുകൾ ഞാൻ വെറുക്കുകയും നിരാകരിക്കുകയും ചെയ്യുന്നു. നിങ്ങൾ എനിക്കായി അർപ്പിക്കുന്ന ബലികർമ്മങ്ങൾ ഞാൻ സ്വീകരിക്കില്ല. നിന്റെ സംഗീതമൊക്കെയും എന്നിൽ നിന്നുമകറ്റുക. നിന്റെ വീണയുടെ നാദം ഞാൻ ചെവിക്കൊള്ളില്ല. ന്യായവിധി ജലം പോലെയും നീതി വറ്റാത്ത അരുവി പോലെയും കവിഞ്ഞൊഴുകട്ടെ.

6. ദൈവങ്ങളുടെ ഹിതത്തിന് പകരം യുക്തിയുടെ ന്യായവാദങ്ങളെ ആധാരമാക്കി തന്റെ രാഷ്ട്രീയ വിശ്വാസങ്ങളെ സമർത്ഥിക്കാൻ സോക്രട്ടീസ് ശ്രമിച്ചപ്പോൾ ഭരണവർഗ്ഗം സോക്രട്ടീസിന്റെ സിദ്ധാന്തങ്ങളെ വിമർശിക്കുകയും, വിഷം നൽകി കൊല്ലുകയും ചെയ്തു. സോക്രട്ടീസിന്റെ യുക്തി വിചാരവും തത്വചിന്തയും ഭരണകൂടത്തിനെതിരേയുള്ള മൂർച്ചയേറിയ ആയുധമാണെന്ന് അവർ അന്നേ അനുമാനിച്ചിരുന്നു.

7. സമാന്തര സ്ഥാപനങ്ങളുടെ ഉത്സവകാലമാണ് നമ്മുടേത്. വിദ്യാഭ്യാസം, ആരോഗ്യം, ഗതാഗതം, സാമ്പത്തികം, എക്സൈസ് തുടങ്ങി ഏതു വകുപ്പിനും സമാന്തരമായി സ്വകാര്യ ഉടമയിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. സർക്കാർ ഉടമയിലുള്ള സ്ഥാപനങ്ങൾ അനാദായകരമാക്കാനുള്ള കാരണങ്ങളിലൊന്ന് ഇതാണ്.

(5 × 3 = 15 marks)

III. ആശയാനുവാദം നടത്തുക. (ഏതെങ്കിലും അഞ്ചെണ്ണം) :

1. ഏകീകൃത സർവ്വകലാശാലാ നിയമം ഉന്നത വിദ്യാഭ്യാസ മേഖലയിലുണ്ടാക്കാൻ പോകുന്ന പ്രശ്നങ്ങളെക്കുറിച്ച് വിദ്യാഭ്യാസ വിചക്ഷണന്മാരിൽ വ്യത്യസ്താഭിപ്രായമാണുള്ളത്. സമഗ്രമായ ചർച്ചക്കും, പഠനത്തിനും വിധേയമായിട്ടു വേണം വിദ്യാഭ്യാസ രംഗത്ത് പരിഷ്ക്കാരങ്ങൾ കൊണ്ടു വരാൻ. ധൃതി പിടിച്ചുള്ള നിയമനിർമ്മാണം അപകടങ്ങൾ ക്ഷണിച്ചു വരുത്തും.

2. പൗരസ്ത്യർ കലകളെ ദൃശ്യമെന്നും ശ്രാവ്യമെന്നും രണ്ടായി വിഭജിക്കുന്നു. സുന്ദരകല, സോപയോഗകല എന്നിങ്ങനെയാണ് പാശ്ചാത്യരുടെ വിഭജനം. കണ്ടാസ്വദിക്കേണ്ടവ ദൃശ്യവിഭാഗത്തിലും കേട്ടാസ്വദിക്കേണ്ടവ ശ്രാവ്യ വിഭാഗത്തിലും പെടുന്നു. സൗന്ദര്യപ്രധാനമായത് സുന്ദരകലയും ഉപയോഗ പ്രധാനമായത് സോപയോഗകലയുമാണ്.

3. മാനികൾ ഞങ്ങളെടുത്തു നടന്നു
വാനിനെ മുകരും പന്തങ്ങൾ
അടിമ ചങ്ങല നീറ്റിയുടപ്പാൻ
അഭിനവലോകം സൃഷ്ടിക്കാൻ
ആശക്കൊത്തു തുണച്ചു ഞങ്ങളെ
ആളിക്കത്തും പന്തങ്ങൾ

4. സൂര്യനിലേക്ക് യാത്ര ചെയ്യാൻ സാധിക്കുകയില്ല. അത്രയ്ക്ക് ചൂടുള്ള ഗോളമാണത്. ഇതിന്റെ യഥാർത്ഥ ചൂടിനെപ്പറ്റി പൂർണ്ണമായ അറിവ് നമുക്കില്ല. സൂര്യോപരിതലത്തിലെ ചൂട് ഏകദേശം 6000 ഡിഗ്രി സെന്റീഗ്രേഡാണെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു.

5. ജീവന്റെ ഉറവിടമാണ് ജലം. ഏറെ രൂക്ഷമായ ജല പ്രതിസന്ധിയാണ് ഇനി വരാനിരിക്കുന്നത്. ഇതൊരു ആഗോള പ്രശ്നമാണ്. ജലത്തിന്റെ കാര്യത്തിൽ കേരളം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് സ്വയം പര്യാപ്തമാണ്. എന്നാൽ വന നശീകരണം തുടരുന്നതു കൊണ്ട് ജലസ്രോതസുകൾ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു.

6. ദമയന്തീസ്വയംവരത്തിൽ ഇന്ദ്രൻ, അഗ്നി, വരുണൻ, കാലൻ എന്നീ ദേവന്മാർ നളന്റെ രൂപത്തിൽ സ്വയംവര മണ്ഡപത്തിലെത്തി. അഞ്ച് നളന്മാരെ കണ്ട് ദമയന്തി പരിഭ്രമിച്ചു. അവൾ അഗ്നിദേവനെ സ്മരിച്ച് യഥാർത്ഥ നളനെ കാണിച്ചു തരാൻ പ്രാർത്ഥിച്ചു. അതിൻപ്രകാരം ഇന്ദ്രാദികൾ സ്വന്തം രൂപം പ്രാപിച്ചു. നളനെ സ്വയംവരം ചെയ്ത ദമയന്തിയെ ദേവന്മാർ അനുഗ്രഹിച്ചു.

7. അലക്സാണ്ടർ പുഷ്കിൻ റഷ്യയുടെ ദേശീയ കവിയാണ്. അദ്ദേഹം കാവ്യലോകത്ത് ഒരു പുതിയ ശൈലി ഊട്ടി വളർത്തി. ഒരു വ്യക്തി മറ്റുള്ളവരെ ചലിപ്പിക്കുന്ന മാധ്യമത്തെയാണ് സാഹിത്യത്തിൽ ശൈലി എന്ന് വിശേഷിപ്പിക്കുന്നത്. വ്യക്തിത്വം വാക്കുകളിൽ അണിഞ്ഞൊരുങ്ങി ഭാഷയായി രൂപം പ്രാപിക്കുന്നു. അനവദ്യമായ വ്യക്തിത്വത്തിന്റേയും ശൈലിയുടേയും ഉടമയാണ് പുഷ്കിൻ.

8. ഐതിഹ്യങ്ങളുടെ നാടാണ് ഭാരതം. വീരപുരുഷന്മാർ, കവികൾ, സംഗീതജ്ഞർ,ദേവാലയങ്ങൾ മലകൾ, പുഴകൾ തുടങ്ങി സർവ്വതും ഐതിഹ്യങ്ങൾക്ക് വിഷയമായിട്ടുണ്ട്. വാല്മീകി മുതൽ നമ്പ്യാർ വരെയുള്ള കവികളെക്കുറിച്ചുള്ള ഐതിഹ്യങ്ങൾ പ്രസിദ്ധമാണ്.

(5 × 4 = 20 marks)

IV. സ്വതന്ത്ര പരിഭാഷ നടത്തുക ( **അഞ്ചെണ്ണം** മാത്രം) :

1. കലയെന്തെന്ന് നിർവ്വചിക്കാൻ ശ്രമിക്കുന്ന ഒരു മഹാഗ്രന്ഥമാണ് അരിസ്റ്റോട്ടിലിന്റെ "ആർട്ട്സ് പോയറ്റിക്ക". 'പ്രകൃതിയുടെ അനുകരണമാണ് കല' എന്ന് അരിസ്റ്റോട്ടിൽ സ്ഥാപിക്കുന്നു. ട്രാജഡിയെ നിർവ്വചിക്കുന്ന വേളയിൽ പ്രയോഗിച്ച 'കഥാർസിസ് 'എന്ന പദം ഇന്നും വ്യാഖ്യാനിക്കപ്പെട്ടു കൊണ്ടിരിക്കുന്നു.

2. 1947 ഓഗസ്റ്റ് 15-ാം തീയതി അർദ്ധ രാത്രിയാണ് ഇന്ത്യ സ്വതന്ത്രയായത്. സ്വാതന്ത്ര്യാനന്തര ദിനങ്ങളിൽ സിക്ക് മത വിശ്വാസികൾ പഞ്ചാബ് കേന്ദ്രീകരിച്ച് ഒരു സ്വതന്ത്ര രാഷ്ട്രം വേണമെന്ന ആവശ്യം മുന്നോട്ടു വച്ചിരുന്നു. ഈ ആവശ്യം നേടിയെടുക്കുന്നതിനായി 'അകാലിദൾ' എന്നൊരു രാഷ്ട്രീയ സംഘടനയ്ക്കും രൂപം നൽകി.

3. വീണ്ടും മദ്യപാനിയായ ഒരു തൊഴിലാളി പാലത്തിലിരുന്നു പാടുന്നു. വീണ്ടും ഒരു പെൺകുട്ടി കാമുകന്റെ അധരങ്ങൾ പാനം ചെയ്യുന്നു. വീണ്ടും ഒരു റോസാദലം ശൂന്യമായ ശയനീയത്തിൽ വീഴുന്നു. വീണ്ടും മൂന്നു നാഴിക മണികൾ ഒരേ സമയം കുറിച്ചു കൊണ്ട് ശബ്ദിക്കുന്നു. തെരുവിലൂടെ നടക്കുന്ന ഒരാൾ തന്റെ പേര് ആരോ വിളിച്ചുവെന്ന് കരുതി തിരിഞ്ഞു നോക്കുന്നു. പക്ഷേ അയാളെയല്ല അവൾ വിളിച്ചത്.

4. കാലത്തിന്റെ പകർച്ച നിനച്ചാൽ
മാലോകർക്കു പൊറുപ്പാൻ മേലാ
വേലികൾ തന്നെ വിളവുമുടിച്ചാൽ
കാലികളെന്തു നടന്നീടുന്നു
കപ്പലകത്തൊരു കള്ളനിരുന്നാ-
ലെപ്പൊഴുമില്ലൊരു സുഖമറിയേണം.
നല്ല മനോഗുണമുള്ള ജനത്തെ-
ക്കൊല്ലാ നിന്നൊരു മടിയില്ലേതും.

5. വിമാനം പറന്നുയർന്ന് ഉയരത്തിലെത്തിയതോടെ ഭൂമിയും പഞ്ചേന്ദ്രിയങ്ങളും തമ്മിലുള്ള ബന്ധം നേർത്തു നേർത്തു വന്നു. അനന്തകോടി വൈവിധ്യത്തോടു കൂടിയ ഭൗമ യാഥാർത്ഥ്യം വളരെയേറെ അസ്പഷ്ടമായിത്തീർന്നു. ഭൂമി ഒരു യാഥാർത്ഥ്യമാണെന്ന ബോധം എന്റെ ഉപബോധത്തെപ്പോലും സ്പർശിക്കാതായി.

6. എഴുത്തുകാരന് സാമൂഹ്യ പ്രതിബദ്ധത ഒരു അയോഗ്യതയല്ല. അഭികാമ്യമായ ഒന്നാണത്. തന്റെ ജീവിത ദർശനം, സാഹിത്യ ലക്ഷ്യം എന്നിവയെക്കുറിച്ചറിയുന്ന എഴുത്തുകാരൻ തീർച്ചയായും ആത്മബോധത്തിന്റെ പ്രതീകവുമാണ്. സ്വർണ്ണത്തിന് സുഗന്ധം പോലെ പ്രതിബദ്ധത എഴുത്തുകാരന് ഒരു അധിക യോഗ്യതയാണ്.

7. താപം കുറഞ്ഞ നക്ഷത്രങ്ങളിൽ നിന്ന് ഏറെയും ചുവപ്പ് **രശ്മികളാണ് ഉത്സർജിക്കുന്നത്**. ജ്യോതിശാസ്ത്രജ്ഞന്മാർ ഇതിനെ 'ചുവന്ന വാമനന്മാർ' (Dwarfs) എന്നും മഞ്ഞ പ്രകാശം പുറപ്പെടുവിക്കുന്ന നക്ഷത്രങ്ങളെ മഞ്ഞ വാമനന്മാർ എന്നു വിളിക്കുന്നു. അത്യുഗ്ര താപമുള്ള വലിയ നക്ഷത്രങ്ങളെ ചുവന്ന ഭീമൻ (Giant) എന്നും താപം കുറഞ്ഞ വലിയ നക്ഷത്രങ്ങളെ മഞ്ഞ ഭീമൻ എന്നും പറയുന്നു.

(5 × 5 = 25 marks)

സ്വതന്ത്ര പുന:സൃഷ്ടി നടത്തുക. (**ഒന്നിന്** മാത്രം) :

1. എന്റെ സ്വപ്നത്തിലുള്ള സ്വരാജ് ദരിദ്രന്റെ സ്വരാജാണ്. ജീവിതാവശ്യങ്ങളെല്ലാം സമ്പന്നർ അനുഭവിക്കുന്നതുപോലെ ദരിദ്രനും അനുഭവിക്കണം. പരിമിതമായ അളവിലെങ്കിലും സാധാരണക്കാർക്ക് ജീവിത സൗകര്യങ്ങൾ വാഗ്ദാനം ചെയ്യാത്തിടത്തോളം സ്വരാജ് പൂർണ്ണ സ്വരാജാവുകയില്ലെന്ന കാര്യത്തിൽ എനിക്ക് സംശയമില്ല.

2. വനവാസകാലത്ത് പാണ്ഡവർക്ക് സൂര്യൻ സമ്മാനിച്ചതാണ് അക്ഷയപാത്രം. പാഞ്ചാലിയുടെ ഭക്ഷണം കഴിയുന്നതുവരെ ദിവസവും അവർ ആഗ്രഹിക്കുന്ന ഭക്ഷണ സാധനങ്ങൾ അതിൽ നിന്നും ലഭിക്കുന്നു. കൗരവരോട് ചൂതിൽ തോറ്റ് വനവാസത്തിന് പുറപ്പെട്ട പാണ്ഡവരെ അനേകം ബ്രാഹ്മണരും അനുഗമിച്ചു. അവർക്ക് ഭക്ഷണം നൽകാൻ വഴി കാണാതെ വിഷമിച്ച യുധിഷ്ഠിരൻ സൂര്യനെ തപസ്സു ചെയ്ത് പ്രീതനാക്കി നേടിയതാണ് ഈ വിശേഷകരമായ അക്ഷയപാത്രം.

(1 × 5 = 5 marks)

VI. സംഗൃഹീത പുനരാഖ്യാനം നിർവ്വഹിക്കുക. (**ഒന്നിന്** മാത്രം) :

1. കേരളത്തിൽ പ്രചാരമുള്ള ഒരു ഗ്രാമീണ കലയാണ് കോൽക്കളി. വിഭിന്ന ജാതിമതസ്ഥരുടെ ഇടയ്ക്കുള്ള കോൽക്കളിക്ക് തമ്മിൽ സാരമായ വ്യത്യാസമുണ്ട്. ഈ വൈവിധ്യം ദേശഭേദമനുസരിച്ചാണ് ഉണ്ടാവുക. കോലടിക്കളി, കമ്പടിക്കളി എന്നീ പേരുകളും ഇതിനുണ്ട്. കളരിയഭ്യാസവുമായി ബന്ധമുള്ള ഒരു കായിക വിനോദം കൂടിയാണ് കോൽക്കളി.

2. ഓണക്കാലത്ത് കുട്ടികൾ പട്ടം പറത്തുന്നത് കാണാൻ എനിക്ക് വളരെ ഇഷ്ടമാണ്. ചതുരമൊത്ത ഒരു വർണ്ണക്കടലാസ് ഉയർന്നുയർന്ന് പോകുമ്പോൾ അതുയർത്തുന്ന കുട്ടിയെ ഞാൻ കാണുന്നില്ല. പട്ടത്തിൽ കെട്ടിയിരിക്കുന്ന നൂലും കാണുന്നില്ല. പട്ടത്തിന്റെ നിറമെന്തെന്ന് ചിന്തിക്കാറില്ല. ഗുരുത്വാകർഷണ സിദ്ധാന്തത്തെക്കുറിച്ച് ആലോചിക്കാറില്ല. അനുനിമിഷമുള്ള അതിന്റെ ഉയർച്ചയാണ് എന്നെ ആഹ്ലാദിപ്പിക്കുന്നത്.

(1 × 5 = 5 marks)